**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 77** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗ ഉന്നതികളിൽ അടിസ്ഥാന സൗകര്യ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. നാട്ടകം സുരേഷ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പട്ടികവർഗ്ഗ ഉന്നതികളിൽ ഗതാഗത സൗകര്യവും ചികിത്സാ സൗകര്യങ്ങളും ലഭ്യമാകാത്തതുമൂലമുള്ള പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. മിക്കവാറും എല്ലാ പട്ടികവർഗ്ഗ ഉന്നതികളും വനപ്രദേശത്താൽ ചുറ്റപ്പെട്ടതും, ഗതാഗത സൗകര്യമുള്ള കേന്ദ്രങ്ങളിൽ നിന്നും വിദൂര പ്രദേശത്തുമാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ തന്നെ ഇത്തരം ദുർഘട വനമേഖലയിലുള്ള ഉന്നതികളിലേക്ക് വനം വകുപ്പിന്റെ അനുമതി തേടി ഗതാഗത സൗകര്യം ഒരുക്കുന്നതിന് പരിമിതികൾ നേരിടേണ്ടി വരുന്നുണ്ട്. എന്നിരുന്നാലും എല്ലാ പട്ടികവർഗ്ഗ ഉന്നതികളിലും ഗതാഗത സൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഇത്തരം പ്രദേശങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിലേക്കായുള്ള വിവിധ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. കൂടാതെ, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തുകയും, ഇതിന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി ചേർന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, വിദൂര ഉന്നതികളിൽ സ്ഥിരമായ ഡോക്ടറുടെ സേവനം, കൃത്യമായ ഇടവേളകളിൽ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, പോഷകാഹാര ക്യാമ്പുകൾ, പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**(ബി)** റോഡ് ഇല്ലാത്തതുമൂലം അടിയന്തര ഘട്ടങ്ങളിൽ രോഗികളെയും ഗർഭിണികളെയും ആശുപത്രിയിലെത്തിക്കാൻ സാധിക്കാതെ മരണപ്പെടുന്ന സംഭവങ്ങൾ മുൻകാലങ്ങളിൽ ആവർത്തിക്കപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പട്ടികവർഗ്ഗ ഉന്നതികളിൽ റോഡ് സൗകര്യവും ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ദൗർഭാഗ്യകരമായ അത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന കർമ്മപദ്ധതികൾ നടപ്പിലാക്കി വരുന്നു.

**<u>കോർപ്പസ് ഫണ്ട്.</u>**

പട്ടികവർഗ്ഗ മേഖലകളിൽ ഓരോ പ്രദേശത്തിന്റെയും ആവശ്യകത മനസ്സിലാക്കി അത്തരം ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 5200 ലക്ഷം രൂപയുടെ കോർപ്പസ് ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

**<u>പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്</u>**

പട്ടികവർഗ്ഗ ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, എല്ലാവരും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കി പട്ടികവർഗ്ഗക്കാരുടെ മൊത്തത്തിലുള്ള ക്ഷേമം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടാത്തതും, സഹായം ആവശ്യമുള്ളതുമായ ഉന്നതികളിൽ സുരക്ഷിതമായ കുടിവെള്ളം, വൈദ്യുതി കണക്ഷനുകൾ, ഗതാഗതയോഗ്യമായ റോഡുകൾ, അങ്കണവാടികൾ/ ക്രഷുകൾ മുതലായ ശിശുപരിപാലന സൗകര്യങ്ങൾ, ശ്മശാനങ്ങൾ, സമഗ്രമായ ശുചിത്വ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനായി 1300 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നിലവിലുള്ള മറ്റ് പദ്ധതികൾ പ്രയോജനപ്പെടുത്തുവാൻ സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ അത്തരം പ്രവർത്തനങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള തുക പ്രയോജനപ്പെടുത്തുന്നു.

**<u>ഇടമലക്കുടിയിലെ പെട്ടിമുടി - ഇഡലിപ്പാറക്കുടി റോഡ് നിർമ്മാണം</u>**

ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള 7.2 കി.മീ റോഡ് നിർമ്മാണത്തിനായി 13.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, 12.43 കോടി രൂപ ഇടുക്കി പൊതുമരാമത്ത് വകുപ്പ് (റോഡ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയനുസരിച്ച്, ആകെ 7.2 കി.മീ റോഡിൽ 5.85 കി.മീ ദൂരം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.

**<u>ഇഡലിപ്പാറക്കുടി - സൊസൈറ്റിക്കുടി റോഡ് നിർമ്മാണം</u>**

ഇഡലിപ്പാറ മുതൽ സൊസൈറ്റിക്കുടി വരെയുള്ള 3 കി.മീ റോഡ് നിർമ്മാണത്തിനായി 4.75 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ വിവിധ ഘട്ടങ്ങളിലായി 4.75 കോടി രൂപ ഇടുക്കി പൊതുമരാമത്ത് വകുപ്പ് (റോഡ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്. വനം വകുപ്പിൽ നിന്നും ആവശ്യമായ എൻ.ഒ.സി (NOC) ലഭ്യമാവുകയും അത് പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

**<u>ആരോഗ്യ സേവനങ്ങളുടെ ലഭ്യത</u>**

ഭൗതികമായ സൗകര്യങ്ങൾ പരിമിതമായ ഉന്നതികളിൽ ചികിത്സാ സേവനങ്ങൾ മുടങ്ങാതെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പുമായി ചേർന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, വിദൂര ഉന്നതികളിൽ സ്ഥിരമായ ഡോക്ടറുടെ സേവനം, കൃത്യമായ ഇടവേളകളിൽ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, പോഷകാഹാര ക്യാമ്പുകൾ എന്നിവ ഉറപ്പുവരുത്തുന്നുണ്ട്.

**<u>കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ</u>:**

വർദ്ധിച്ചു വരുന്ന പ്രകൃതി ദുരന്തങ്ങൾ (മണ്ണിടിച്ചിൽ, പ്രളയം) കാരണം റോഡുകൾക്കും പാലങ്ങൾക്കും സംഭവിക്കുന്ന വലിയ നാശനഷ്ടങ്ങൾ കണക്കിലെടുത്ത്, ഭാവിയിൽ ഇത്തരം ആഘാതങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള ദൃഢവും സുസ്ഥിരവുമായ നിർമ്മാണ രീതികളാണ് നിലവിൽ

ഉന്നതികളിലെ നിർമ്മാണ പ്രവർത്തികളിൽ അവലംബിക്കുന്നത്. മഴക്കാലങ്ങളിൽ ഗതാഗതം തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ കൾവെർട്ടുകളും ചെറിയ പാലങ്ങളും നിർമ്മിക്കുന്നതിനും, ദുർഘട പ്രദേശങ്ങളിലെ നടപ്പാതകൾ വാഹന ഗതാഗത യോഗ്യമാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നു.

**ഏകോപിത വികസന സമീപനം**

പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനം വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ഓരോ പ്രോജക്ടും പൂർത്തീകരിക്കുന്നത്. റോഡ് നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതിയുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കാനും, തദ്ദേശ ഭരണകൂടങ്ങളുടെ സഹായത്തോടെ ഗ്രാമീണ റോഡ് ശൃംഖലകൾ വികസിപ്പിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**